LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

2014-ലെ കേരള ധനകാര്യ (2-ാം നമ്പർ) ആക്ട് പ്രകാരം പേപ്പർ ലോട്ടറി നറുക്കെടുപ്പിന്മേലുള്ള നികുതി നിരക്കിൽ വർദ്ധനവ് വരുത്തിയിട്ടുണ്ട്. പ്രതിവാര ഭാഗ്യക്കുറികളുടെ നികുതി തുക 30 ലക്ഷത്തിൽ നിന്നും 50 ലക്ഷമായും ബമ്പർ ലോട്ടറികളുടേത് 60 ലക്ഷത്തിൽ നിന്നും 1 കോടി രൂപയായും 2014 ഏപ്രിൽ മുതൽ വർദ്ധിപ്പിച്ചിട്ടുണ്ട്. ഇതുവഴി 2014-15 സാമ്പത്തിക വർഷത്തിൽ 74,20,000-രൂപയുടെ അധിക വരുമാനം ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു. നടപ്പു സാമ്പത്തിക വർഷത്തെ ആദ്യ പകുതിയിൽ ഈ ഇനത്തിൽ 37,40,00,000-രൂപ അധിക വരുമാനമായി സർക്കാർ ഖജനാവിൽ ലഭിച്ചിട്ടുണ്ട്.

ഓൺലൈൻ ലോട്ടറി

250 (590) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഓൺലൈൻ ലോട്ടറി നിയന്ത്രിച്ചുകൊണ്ടുള്ള സർക്കാർ നടപടി കേരള ഹൈക്കോടതി ശരിവെച്ചതിനെതിരെ സുപ്രീംകോടതിയിൽ വന്ന ഹർജികൾ ഏതൊക്കെയായിരുന്നുവെന്ന് വ്യക്തമാക്കുമോ ;

(ബി) ഹർജികളിൽ സംസ്ഥാന സർക്കാർ സ്വീകരിച്ച നിലപാട് എന്തായിരുന്നു ; സുപ്രീംകോടതി അന്തിമവിധി പുറപ്പെടുവിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ ;

(സി) സംസ്ഥാനത്ത് ഇപ്പോൾ ഓൺലൈൻ ലോട്ടറി നിരോധനമോ, നിയന്ത്രണമോ ഉണ്ടോ ; വിശദമാക്കാമോ ?

ഉത്തരം

(എ) C.A.No.3518/2007 (ആൾ കേരള ഓൺലൈൻ ലോട്ടറി ഡീലേഴ്സ് അസോസിയേഷൻ Vs. സ്റ്റേറ്റ് ഓഫ് കേരള ആന്റ് അദേഴ്സ്.)

C.A.No.3519/2007(സ്റ്റേറ്റ് ഓഫ് സിക്കിം ആന്റ് അദേഴ്സ് Vs. സ്റ്റേറ്റ് ഓഫ് കേരള ആന്റ് അദേഴ്സ്.)

(ബി) സംസ്ഥാനത്ത് നിലവിലുള്ള ഓൺലൈൻ ലോട്ടറി നിരോധനം നിലനിർത്തുന്നതിനാവശ്യമായ നിലപാടാണ് സംസ്ഥാന സർക്കാർ സുപ്രീം കോടതിയിൽ സ്വീകരിച്ചിട്ടുള്ളത്. ഇതു സംബന്ധിച്ച അന്തിമ വിധി പുറപ്പെടുവിച്ചിട്ടില്ല.

(സി) സംസ്ഥാനത്ത് ഓൺലൈൻ ലോട്ടറി നിരോധനം നിലവിലുണ്ട്.